തിരുവനന്തപുരത്ത് ക്ഷയരോഗാശുപത്രി

*വ്യ ഠ ര്. (ഫവ്യ) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരത്ത് ഒരു ക്ഷയരോഗാശുപത്രി സ്ഥാപിക്കുന്ന കാര്യത്തെപ്പറ്റിയുള്ള നിശ്ചയം എന്തായി;

(ബി) അതിലേക്ക് ഇൻഡ്യാഗവണ്മെണ്ടിൽനിന്നു എന്തെങ്കിലും സംഖ്യ നൽകാമെന്നു സമ്മതിച്ചിട്ടുണ്ടോ;

(സി) അതു എന്നത്തേക്ക് നടപ്പിൽ വരും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) തിരുവനന്തപുരത്ത് ഒരു ക്ഷയരോഗാശുപത്രി ആരംഭിക്കണമെന്ന് തീരുമാനിച്ചിട്ടില്ല. ഞാൻ മൻപു പ്രസ്താവിച്ചതുപോലെ ഒരു ക്ഷയരോഗക്ലിനിക്ക് ആരംഭിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിലേക്കാവശ്യമായ നടപടികൾ എടുത്തുവരുന്നു.

(ബി) ഇല്ല. അതിലേക്ക് യു. എൻ. സി. ഇ. എഫ്-ന്റെ ആഭിമുഖ്യത്തിൽ തുടങ്ങുന്നതിനു് സമ്മതം ലഭിച്ചിട്ടുണ്ട്. അവർ ആറരലക്ഷം രൂപായുടെ സാധനസാമഗ്രികളും ഇവിടെയുള്ളവരെ പരിശീലിപ്പിക്കുന്നതിനു് വിദഗ്ധന്മാരേയും അയച്ചുതരാമെന്നു് സമ്മതിച്ചിട്ടുണ്ട്.

(സി) അതു് ഡിസമ്പർമാസം ആദ്യംതന്നെ തുടങ്ങണമെന്നാണു് തീരുമാനിച്ചിരിക്കുന്നതു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ക്ലിനിക്കിനോടനുബന്ധിച്ചു ബെഡ്ഡുകൾ പ്രൊവൈഡു് ചെയ്യുയില്ലെന്നാണോ തീരുമാനിച്ചിരിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: ബെഡ്ഡുകൾ പ്രൊവയിഡ് ചെയ്യുന്നുണ്ടു് പക്ഷെ അതു ദീർഘകാലത്തേക്കായിരിക്കുകയില്ല. അവിടെ രോഗികളെ പരിശോധിച്ചതിനുശേഷം ഇൻപേഷ്യന്റായി ചികിത്സിക്കണമെന്നുള്ളവരെ സാനിട്ടോറിയത്തിലേക്കു് അയക്കണമെന്നുള്ളതാണു് തീരുമാനിച്ചിരിക്കുന്നതു്.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: തിരുവനന്തപുരത്തെവിടെയാണു് ഈ ക്ലിനിക്കു് സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: അതു ഞാൻ മൻപേ പറഞ്ഞുകഴിഞ്ഞു. മിൻറ കിടന്നിരുന്ന കെട്ടിടത്തിലാണു് ഇപ്പോൾ തുടങ്ങുന്നതിനു തീരുമാനിച്ചിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: ഈ ക്ലിനിക്കിൽ രോഗികളെ ഏതാനും ദിവസം താമസിപ്പിച്ചു പരിശോധന നടത്തുമോ?

ശ്രീ. എ. ജെ. ജോൺ: അവിടെ സ്ഥിരമായി താമസിപ്പിക്കയില്ല. സ്ഥിരമായി താമസിപ്പിച്ചു ചികിത്സ നടത്തേണ്ട കേസുകൾ സാനിട്ടോറിയത്തിലേക്കു് അയക്കുന്നതാണു്.

ശ്രീ. എ. താണുപിള്ള: ഞാൻ ചോദിച്ചതതല്ല. ഈ പരിശോധനക്കായി ഏതാനും ദിവസം അവിടെ താമസിക്കത്തക്ക സൗകര്യങ്ങളുണ്ടോ എന്നാണു്?

ശ്രീ. എ. ജെ. ജോൺ: പരിശോധനക്കായി ഏതാനും ദിവസം താമസിക്കാം.

LIBRARY ARCHIVES Kerala Legislative Assembly